**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2557** **04-03-2025 - ൽ മറുപടിയ്ക്ക്**

**ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യാപക ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് ഈസ് ഓഫ് ഡൂയിങ് ബിസിനസ് എന്ന സൂചിക ലോക ബാങ്ക് 2021 മുതൽ നിർത്തലാക്കി/ സസ്പെൻഡ് ചെയ്തു എന്നത് വസ്തുതയാണോ; അറിയിക്കുമോ; | (എ) | ഇതു സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. |
| (ബി) | കേന്ദ്ര സർക്കാർ പുറത്തുവിട്ട ഏറ്റവും ഒടുവിലത്തെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ റാങ്കിങ് നടപ്പിലാക്കിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. ഇപ്രകാരം നടപ്പിൽ വരുത്തിയ പരിഷ്കരണങ്ങളെ തുടർന്ന് ഉപഭോക്താക്കളുമായി നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളുടെ നിക്ഷേപ സൗഹൃദ അന്തരീക്ഷം വിലയിരുത്തപ്പെട്ടത്. ഇത്തരത്തിൽ സംസ്ഥാനങ്ങളെ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി പല വിഭാഗങ്ങളിലായി തരംതിരിക്കുകയാണ് ചെയ്യുന്നത്.<br><br>നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച 2022-ലെ സൂചികയിൽ, പരിഷ്കരണ മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടുന്ന സംസ്ഥാനങ്ങളെയാണ് ഡി.പി.ഐ.ഐ.ടി ടോപ്പ് അച്ചീവർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടാൻ കേരളത്തിന് കഴിഞ്ഞു. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്.വ്യവസായ |

| | | | |
|---|---|---|---|
| | | | നിക്ഷേപ സൗഹൃദ അന്തരീക്ഷം കണക്കാക്കുന്നതിന് കേന്ദ്രസർക്കാർ ഉപയോഗപ്പെടുത്തുന്ന വിവിധ മാനദണ്ഡങ്ങൾ പ്രകാരം ഏറ്റവും ഒടുവിലായി പുറത്തുവിട്ട സൂചികകളിൽ ദേശീയതലത്തിൽ ഏറ്റവും ഉയർന്ന സ്കോറിംഗും ടോപ്പ് അച്ചീവർ സ്ഥാനവും നേടിയെടുത്തുകൊണ്ട് സംസ്ഥാനം ചരിത്രനേട്ടം കൈവരിച്ചിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ പുറത്തുവിട്ട ഏറ്റവും ഒടുവിലത്തെ ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയിൽ കേരളത്തിന് എത്രാമത്തെ റാങ്കിങ് ആണ് എന്ന് വ്യക്തമാക്കാമോ? | (സി) | (ബി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ